REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 30-01-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യ അതിവേഗം മുന്നേറുന്ന 'പരിഷ്കരണ എക്സ്പ്രസ്' പാതയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **77 -ാമത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്ക് സമാപനം കുറിച്ച് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ ബീറ്റിംഗ് റിട്രീറ്റ് നടത്തി.**
- **ഇന്ന് 78-ാം രക്തസാക്ഷിത്വ ദിനം.**
- **സംസ്ഥാനത്ത് തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം ഇന്ന് കൂടി.**
- **ഇന്ത്യാ ന്യൂസിലാന്റ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം നാളെ തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യ അതിവേഗം മുന്നേറുന്ന 'പരിഷ്കരണ എക്സ്പ്രസ്' പാതയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. പാർലമെന്റിൽ ഇന്നലെ അവതരിപ്പിച്ച സാമ്പത്തിക സർവേ, ഇന്ത്യയുടെ പരിഷ്കരണം സ്ഥിരതയോടെയും ലക്ഷ്യബോധത്തോടെയും എങ്ങനെ മുന്നോട്ട് പോകുന്നുവെന്ന് കാണിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഇന്ത്യയുടെ സാമ്പത്തിക അടിത്തറയുടെ ശക്തിയും വളർച്ച, നവീകരണം, സമഗ്ര വികസനം എന്നിവ മുന്നോട്ട് കൊണ്ടുപോകുന്നതിന് ഗവണ്മെന്റിന്റെ

നിരന്തര ശ്രമങ്ങളും സർവേ പ്രതിഫലിപ്പിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

77 -ാമത് റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾക്ക് സമാപനം കുറിച്ച് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ ബീറ്റിംഗ് റിട്രീറ്റ് നടന്നു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ് തുടങ്ങിയവർ പങ്കെടുത്തു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...........

ബീറ്റിംഗ് റിട്രീറ്റ് പ്രകടനങ്ങൾ അവിസ്മരണീയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ആർമി മിലിട്ടറി ബാൻഡ് അവതരിപ്പിച്ച ഗാനങ്ങൾ മികച്ചതായിരുന്നുവെന്ന് പറഞ്ഞ മോദി ബീറ്റിംഗ് റിട്രീറ്റിന്റെ ദൃശ്യങ്ങളും സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ചു. ഓപ്പറേഷൻ സിന്ദൂർ, വന്ദേമാതരത്തിന്റെ 150 വർഷങ്ങൾ, ഇന്ത്യൻ വനിതകളുടെ ക്രിക്കറ്റ് വിജയം, ആഷ്ണി ഡ്രോണിന്റെ പ്രതിനിധാനം, ഭൈരവ് ബറ്റാലിയൻ, പുരാതന ഗരുഡ വ്യൂഹ യുദ്ധം എന്നിവയെല്ലാം അതിമനോഹരമായിരുന്നുവെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ബീറ്റിംഗ് റിട്രീറ്റിൽ സെൻട്രൽ ആംഡ് പൊലീസ് ഫോഴ്സ് ബാൻഡുകളുടെ പ്രകടനത്തെയും നരേന്ദ്രമോദി പ്രശംസിച്ചു.

✪✪✪

ഇന്ന് 78-ാം രക്തസാക്ഷിത്വ ദിനം. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി, 1948 ജനുവരി 30ന് ന്യൂഡൽഹിയിലെ ബിർള ഹൗസിൽ കൊല്ലപ്പെട്ട ദിവസമാണ് രക്തസാക്ഷി ദിനമായി ആചരിക്കുന്നത്. സത്യം, അഹിംസ എന്നീ ആദർശങ്ങൾക്കായി ജീവൻ ബലിയർപ്പിച്ച ഗാന്ധിജിയുടെ ഓർമ്മയ്ക്കും, സ്വാതന്ത്ര്യ സമരത്തിൽ പങ്കുവഹിച്ച രക്തസാക്ഷികൾക്കും ആദരാഞ്ജലി അർപ്പിക്കുന്ന ദിവസമാണിന്ന്.

✪✪✪

രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് ഇന്ന് രാജ്ഘട്ടിൽ സ്മൃതി സ്ഥലിൽ നടത്തുന്ന ഔദ്യോഗിക ചടങ്ങ് കണക്കിലെടുത്ത് മധ്യ ഡൽഹിയുടെ ചില ഭാഗങ്ങളിൽ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. പ്രദേശത്ത് വിപുലമായ സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

വർധിച്ചുവരുന്ന ആഗോള വ്യാപാര സംഘർഷങ്ങൾക്കും അനിശ്ചിതത്വത്തിനുമിടയിൽ സാമ്പത്തിക ഏകീകരണം സാധ്യമാക്കാൻ സഹായിക്കുന്നതാണ് ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറെന്ന് അന്താരാഷ്ട്ര നാണയ നിധി സാമ്പത്തിക കൗൺസിലറും ഗവേഷണ ഡയറക്ടറുമായ പിയറി ഒലിവിയർ ഗൗറിൻചാസ് പറഞ്ഞു. ആഗോള അസ്ഥിരതയുടെ സമയത്ത് വ്യാപാര കരാറുകൾക്ക് നയപരമായ പിന്തുണ നൽകാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 അവലോകന യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, അടിസ്ഥാന സൗകര്യ പദ്ധതികളുടെയും പൊതുജന പരാതികളുടെയും തത്സമയ നിരീക്ഷണവും പരിഹാരവും സാധ്യമാക്കി രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങ ൾക്കാണ് തുടക്കമിട്ടത്.

ജൽശക്തി മന്ത്രാലയത്തിന് കീഴിലെ പദ്ധതികളെ ക്കുറിച്ചാണ് ആകാശവാണിയുടെ ഇന്നത്തെ 'പ്രഗതി' പ്രത്യേക റിപ്പോർട്ട്.

......(വോയ്സ്)..........

ജൽശക്തി മന്ത്രാലയവുമായി ബന്ധപ്പെട്ട പ്രൊജക്ട് മോണിറ്ററിംഗ് ഗ്രൂപ്പ് പോർട്ടലിൽ നിലവിൽ രണ്ട് ലക്ഷത്തി 86,343 കോടി രൂപ നിക്ഷേപമുള്ള 93 പദ്ധതികളാണുള്ളത്. ജലസേചനത്തിനു കീഴിലെ 66 പദ്ധതികളും, മലിനജല ശേഖരണം, നിർമ്മാർജ്ജനം, സംസ്കരണം എന്നിവയ്ക്കു കീഴിലെ 26 പദ്ധതികളുമാണ് ഇതിലുൾപ്പെടുന്നത്. 43,583 കോടി രൂപയുടെ നിക്ഷേപമുള്ള പത്ത് മുൻഗണനാ ജലസേചന പദ്ധതികൾ പ്രഗതി സംവിധാനത്തിന് കീഴിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അവലോകനം ചെയ്തു. ഇതിൽ ഒരു പദ്ധതി കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന പദ്ധതിപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രഗതി സംവിധാനത്തിനു കീഴിൽ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

✪✪✪

നിതി ആയോഗിന്റെ നേതൃത്വത്തിൽ കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന സമുദ്ര ബോർഡുകൾ, തുറമുഖ ഓപ്പറേറ്റർമാർ തുടങ്ങിവയുടെ യോഗം ന്യൂഡൽഹിയിൽ ചേർന്നു. തുറമുഖങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും യോഗത്തിൽ ചർച്ച ചെയ്തതായി നിതി ആയോഗ് അറിയിച്ചു.

പ്രധാന തുറമുഖങ്ങളുടെ പ്രകടനവും മത്സരക്ഷമതയും വർധിപ്പിക്കുന്നതിന് ആവശ്യമായ നിക്ഷേപ ഭരണ പരിഷ്കാരങ്ങളും ചർച്ചാവിഷയമായി.

ഭാവിയിലെ നയപരമായ ഇടപെടലുകൾ രൂപപ്പെടുത്തുന്നതും സമുദ്രമേഖലയിൽ കേന്ദ്ര-സംസ്ഥാന സഹകരണം ശക്തി പ്പെടുത്തുന്നതും യോഗം ചർച്ച ചെയ്തു.

✪✪✪

BJP ദേശീയ പ്രസിഡന്റ് നിതിൻ നബിൻ ഇന്ന് മുതൽ രണ്ട് ദിവസം ഗോവ സന്ദർശിക്കും. സന്ദർശന വേളയിൽ നിരവധി സംഘടനാ യോഗങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകുകയും വിവിധ മണ്ഡലങ്ങളിലെ പാർട്ടി പ്രവർത്തകരുമായി സംവദിക്കുകയും ചെയ്യും.

✪✪✪

ലോക കേരളസഭ അഞ്ചാം സമ്മേളനം ഇന്നും നാളെയുമായി നിയമസഭാ മന്ദിരത്തിലെ R ശങ്കരനാരായണൻ തമ്പി ഹാളിൽ നടത്തും. 128 രാജ്യങ്ങളിൽ നിന്നും 28 സംസ്ഥാനങ്ങളിൽ നിന്നുമായി 500 ലധികം പ്രവാസി പ്രതിനിധികൾ പങ്കെടുക്കും. സമ്മേളനം ഇന്നലെ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്ത് തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം ഇന്ന് കൂടി. ഓൺലൈനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെയോ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെയോ വെബ്സൈറ്റുകൾ വഴിയോ BLO മാർ വഴിയോ അപേക്ഷകൾ സമർപ്പിക്കാം. സാധാരണ വോട്ടർമാർക്ക് ഫോം -6 ഉം പ്രവാസി വോട്ടർമാർക്ക് ഫോം - 6 A യും ഉപയോഗിക്കാം.

✪✪✪

രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ ബദൽ വികസന പരിപ്രേക്ഷ്യത്തിന് കരുത്തുപകരുന്നതാണ് സംസ്ഥാന ബജറ്റെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ളതും വെല്ലുവിളികളെ അതിജീവിക്കാൻ ശേഷിയുള്ളതുമായ നിർദ്ദേശങ്ങളാണ് ബജറ്റിലുള്ളതെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

പത്തുവർഷം ഭരിച്ച പിണറായി ഗവണ്മെന്റ് അവരുടെ അവസാന ബജറ്റിലും ജനങ്ങളെ കബളിപ്പിക്കാനാണ് ശ്രമിക്കുന്നതെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കേന്ദ്ര പദ്ധതികൾ കേരളത്തിലെ ജനങ്ങളിലേക്ക്

എത്താതിരിക്കാൻ ശ്രമിച്ച ഇടതു ഗവൺമെന്റ്,, തെരഞ്ഞെടുപ്പ് അടുത്തപ്പോൾ കേന്ദ്രത്തെ കുറ്റം പറഞ്ഞ് കേന്ദ്ര പദ്ധതികൾ സ്വന്തം പേരിലാക്കി ബജറ്റിൽ അവതരിപ്പിച്ചിരിക്കുകയാണെന്ന് അദ്ദേഹം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

തെരഞ്ഞെടുപ്പിന് നാല് മാസം മാത്രം ശേഷിക്കേ സംസ്ഥാനം പൂർണ ബജറ്റ് അവതരിപ്പിച്ചത് ജനങ്ങളുടെ സാമാന്യബുദ്ധിയെ ചോദ്യം ചെയ്യുന്ന കാര്യമാണെന്നും, ബജറ്റ് പ്രഖ്യാപനങ്ങൾ ജലരേഖയാണെന്ന് സാമാന്യ ബുദ്ധിയുള്ളവർക്ക് മനസ്സിലാകുമെന്നും മുൻ കേന്ദ്ര സഹമന്ത്രി V. മുരളീധരൻ പറഞ്ഞു. BJP കൊട്ടാരക്കര മണ്ഡലം കാര്യാലയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ഇന്ത്യാ ന്യൂസിലാന്റ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം നാളെ തിരുവനന്തപുരത്ത്. ഇരു ടീമുകളും തിരുവനന്തപുരത്തെത്തി. ഇന്നലെ വൈകിട്ട് ഏഴു മണിയോടെ എത്തിയ ടീമുകൾക്ക് വിമാനത്താവളത്തിൽ വരവേൽപ്പു നൽകി.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി M. പള്ളുരുത്തി.

........(വോയ്സ്)................

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് ജയം. വഡോദര അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ UP വാരിയേഴ്സിനെ എട്ടുവിക്കറ്റിനാണ് ബംഗളൂരു പരാജയപ്പെടുത്തിയത്.

ഇന്ന് ഗുജറാത്ത് ജയന്റ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. വഡോദര അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരള - ഗോവ മത്സരത്തിൽ ഒന്നാം ദിവസം കളി നിർത്തുമ്പോൾ എട്ട് വിക്കറ്റ് നഷ്ടത്തിൽ 279 റൺസെന്ന നിലയിലാണ് ഗോവ. അഞ്ച് വിക്കറ്റ് വീഴ്ത്തിയ സ്പിന്നർ അങ്കിത് ശർമ്മയുടെ ഉജ്ജ്വല പ്രകടനമാണ് ഗോവയുടെ ബാറ്റിങ് നിരയെ പ്രതിരോധത്തിലാക്കിയത്. ടോസ് നേടിയ ഗോവ ബാറ്റിങ് തിരഞ്ഞെടുക്കുകയായിരുന്നു.

✪✪✪

കേന്ദ്രഗവൺമെന്റിന്റെ MSME മന്ത്രാലയം നടപ്പാക്കുന്ന പ്രധാൻമന്ത്രി വിശ്വകർമ്മ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ബീച്ച് റോഡിലെ ആസ്പിൻ കോർട്ടിയാർഡിൽ മൂന്ന് ദിവസത്തെ കരകൗശല പ്രദർശന വിപണന മേളയ്ക്ക് ഇന്ന് തുടക്കമാകും. മേള കോഴിക്കോട് മേയർ O.സദാശിവൻ രാവിലെ ഉദ്ഘാടനം ചെയ്യും. 60 സ്റ്റാളുകൾ ആണ് ഒരുക്കിയിട്ടുള്ളത്. രാവിലെ 11 മുതൽ രാത്രി ഒൻപത് വരെയാണ് പ്രദർശനം. പ്രവേശനം സൗജന്യമാണ്.

✪✪✪

കേരള ഡിസബിലിറ്റി ഫെസ്റ്റിവലിന് കോഴിക്കോട് ബീച്ച് ഫ്രീഡം സ്ക്വയറിൽ തുടക്കമായി. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് മാന്യതയും തുല്യനീതിയും ഉറപ്പാക്കുന്ന 'ഉൾച്ചേർക്കപ്പെട്ട സമൂഹം' കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫെബ്രുവരി ഒന്നു വരെ ഫെസ്റ്റിവൽ നടത്തുന്നത്. കോഴിക്കോട് കോർപറേഷൻ ഡെപ്യൂട്ടി മേയർ ഡോ. S. ജയശ്രീ, ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്, മലബാർ ഗ്രൂപ്പ് ചെയർമാൻ MP അഹമ്മദ് എന്നിവർ ചേർന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്തെ കാർഷിക മേഖലയെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് ഫാമിംഗും യന്ത്രവൽക്കരണവും വിപുലമായി നടപ്പിലാക്കുമെന്ന് മന്ത്രി P. പ്രസാദ് പറഞ്ഞു. കാർഷിക മേഖലയിലെ ഉൽപ്പാദകർക്കും വിതരണക്കാർക്കുമായി തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടത്തിയ ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കോഴിക്കോട് ജില്ലയിലെ ഒൻപത് റോഡുകളുടെ വികസനത്തിന് 206 കോടി രൂപ അനുവദിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് റോഡുകളുടെ വികസനത്തിന് അനുമതി ലഭിച്ചത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*NRTs: ഫസ്ന ഫാത്തിമ*
*DEO : ഷീബ*